(1)	(2)	(3)
2007-08	4621	399.13
2008-09	7911	500.00
2009-10	7709	550.00
2010-11	7671	538.00

(ഡി&ഇ) ഉക അപര്യാപ്തമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 20-9-2012-ലെ സ.ഉ. (കൈ) നമ്പർ 128/12/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ചികിത്സാ ധനസഹായത്തുക 25,000 രൂപയിൽ നിന്നും 50,000 രൂപയായും മാരക രോഗങ്ങൾക്കുള്ള ധനസഹായത്തുക ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

303 (2859) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകി വന്നിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എന്ത് ഉക ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2013-14 സാമ്പത്തിക വർഷം യഥാസമയം അപേക്ഷകൾ സമർപ്പിച്ചതിൽ ഏതെങ്കിലും വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ടോ ; എങ്കിൽ എത്ര പേർക്ക് ?

ഉത്തരം

(എ) നഴ്സറിതലം മുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാനായി 2000 രൂപ വീതം 2014-15 അദ്ധ്യയന വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. വേടൻ, വേട്ടുവ, നായാടി, അരുന്ധതിയാർ, ചക്ലിയൻ എന്നീ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക ലംപ്സംഗ്രാന്റിന് പുറമേ പ്രതിമാസ സ്റ്റൈപ്പന്റ് കൂടി അനുവദിച്ചുവരുന്നു. 2012-13 വർഷം മുതൽ IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായ പദ്ധതി പ്രകാരം പ്രീ-മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. ടി പദ്ധതി പ്രകാരം പ്രതിമാസം 150 രൂപ ഡേ സ്കോളേഴ്സിനും 350 രൂപ ഹോസ്റ്റലേഴ്സിനും യഥാക്രമം 750, 1000 വീതം ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായി അനുവദിച്ചുവരുന്നു.

അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്യ നൽകുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. പ്രീ-മെട്രിക് പഠനത്തിന് ലംപ്സംഗ്രാന്റ് ഇനത്തിൽ നഴ്സറി സ്കൂൾ 100 രൂപ, എൽ.പി. വിഭാഗം 250 രൂപ, യു.പി. വിഭാഗം 500 രൂപ, ഹൈസ്കൂൾ വിഭാഗം 750 രൂപ എന്നീ നിരക്കിൽ അനുവദിച്ചുവരുന്നു.

പോസ്റ്റ് മെട്രിക് തലത്തിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 350 രൂപ മുതൽ 2500 രൂപ വരെ വ്യത്യസ്തനിരക്കിൽ ലംപ്സംഗ്രാന്റ് അനുവദിച്ചുവരുന്നു. 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 500 രൂപ, 8 കിലോമീറ്ററിനുവെളിയിൽ താമസിക്കുന്നവർക്ക് 600 രൂപ എന്നീ നിരക്കുകളിൽ സ്റ്റൈപ്പന്റും യഥാർത്ഥ ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 100 രൂപയും അനുവദിച്ചുവരുന്നു. അംഗീകൃത ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ, ഭക്ഷണച്ചെലവും പോക്കറ്റ് മണിയായി 150 രൂപയും അനുവദിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാതിരിക്കുകയും വകുപ്പിന്റെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ അപേക്ഷിച്ചിട്ട് പ്രവേശനം ലഭിക്കാതിരിക്കുകയും വിദ്യാർത്ഥി സ്വന്തം നിലയിൽ പഠനം തുടരുകയുമാണെങ്കിൽ 1500 രൂപ ബോർഡിംഗ് ഗ്രാന്റായി അനുവദിച്ചുവരുന്നു.

സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾ· പ്രവേശന പരീക്ഷാകമ്മീഷണർ അലോട്ട് ചെയ്യുന്ന പ്രകാരം മെറിറ്റ്/റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടുന്നവർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റ്, നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, സ്പെഷ്യൽ ഫീസ്, മെസ് ഫീസ് സർക്കാർ/സർക്കാർ ഏജൻസി യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നു.

(ബി) സംസ്ഥാന പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചു കൊണ്ട് സ.ഉ.(കൈ) നമ്പർ 06/2012/പജപവവിവ തീയതി 11-1-2012 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി)

	പോസ്റ്റ് മെട്രിക് സ്റ്റഡീസ്	പ്രീ-മെട്രിക് സ്റ്റഡീസ്
2011-12	14544 ലക്ഷം	1672.78 ലക്ഷം
2012-13	17544 ലക്ഷം	2914.44 ലക്ഷം
2013-14	18799 ലക്ഷം	2987.65 ലക്ഷം

IX, X ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര ധനസഹായമായി ചുവടെ പറയുന്ന നിരക്കിൽ തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

2012-13 – 16,53,52,700

2013-14 – 19,32,00,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2013-14-ൽ അപേക്ഷ സമർപ്പിച്ച 1,42,295 അപേക്ഷകളിൽ ന്യൂനതകളില്ലാത്ത 138198 പേർക്ക് ആനുകൂല്യം അനുവദിച്ചുനൽകിയിട്ടുണ്ട്. ശേഷിച്ച 4097 പേർക്ക് വിവിധ കാരണങ്ങളാൽ ആനുകൂല്യം വിതരണം ചെയ്തിട്ടില്ല. ന്യൂനത പരിഹരിച്ച് അപേക്ഷ കിട്ടുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്. അപേക്ഷകരിൽ 97.12 ശതമാനം പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം

304 (2860) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് എത്ര രൂപയാണ് നൽകിവരുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇപ്പോൾ നൽകിവരുന്ന തുക അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഉണ്ടെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് 50,000 രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്. വാർഷിക വരുമാനപരിധി 50,000 രൂപയിൽ കവിയാത്ത അപേക്ഷകർ നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാന സർട്ടിഫിക്കറ്റ് വിവാഹ ക്ഷണപത്രിക/വിവാഹം നിശ്ചയിച്ചുവെന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly